## പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം: 2319 15.7.2011 - ലെ മറുപടി

### ചാത്തന്നൂർ മിനി സിവിൽസ്റ്റേഷന്റെ കെട്ടിടം പണി

| ചോദ്യം<br>ശ്രീ.ജി.എസ്. ജയലാൽ | ഉത്തരം<br>ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
|---|---|
| എ) ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷന്റെ ഒന്നാം നില കെട്ടിടത്തിന് ഭരണാനുമതി നൽകി പണി ആരംഭിച്ചത് എന്നാണ്; | (എ) ചാത്തന്നൂർ മിനി സിവിൽ സ്റ്റേഷന്റെ ഒന്നാം നിലയുടെ പണി 20-3-2010 ൽ ആരംഭിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത പണി പൂർത്തീകരിക്കേണ്ട തീയതി കരാർ പ്രകാരം എന്നാണ്; ഈ തീയതി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; | (ബി) പ്രസ്തുത പണി പൂർത്തികരിക്കേണ്ട കാലാവധി ഒൻപത് മാസമാണ്. അത് പ്രകാരം 19-12-2010-ാം തീയതിയാണ് പൂർത്തികരിക്കേണ്ടത്. എന്നാൽ ടി സമയത്ത് പണി പൂർത്തികരിക്കാതത തിനാൽ 19-4-2011 വരെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |
| സി) മിനി സിവിൽ സ്റ്റേഷന്റെ പണി പൂർത്തീകരിക്കുന്നതിലേക്ക് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ അവ ഒഴിവാക്കുന്നതിലേക്ക് എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (സി) പ്രസ്തുത സിവിൽ സ്റ്റേഷൻ ഇലക്ട്രിക്കൽ പണിയുടെ കരാർ പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം സൂപ്രണ്ടിംഗ് എൻജിനീയർ കോൺട്രാക്റ്ററുമായി എഗ്രിമെന്റ് വച്ചിട്ടില്ലാത്തതിനാലാണ് പണി പൂർത്തീകരിക്കാത്തത്. പ്രസ്തുത വിവരം ഇലക്ട്രിക്കൽ വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| ഡി) മിനി സിവിൽ സ്റ്റേഷന്റെ ഗ്രൗണ്ട് ഫ്ളോറിന്റെ പണി പൂർത്തീകരിച്ചതാണെന്നും, ഒന്നാം നിലയുടെ പണി തീരാത്തതിനാലാണ് ഓഫീസുകൾ പ്രവർത്തിപ്പിക്കുവാൻ കഴിയാത്തതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ന് പണി പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ? | (ഡി) ഗ്രൗണ്ട് ഫ്ളോറിന്റെ പണി പൂർത്തീകരിച്ചിരിക്കുന്നെങ്കിലും ഇലക്ട്രിക്കൽ പണി ബാക്കിയായ താണ് ഓഫീസുകൾ പ്രവർത്തിക്കുന്ന തിന് തടസ്സം. ഇതു സംബന്ധിച്ച് വേണ്ട എഗ്രിമെന്റ് വച്ച് പണി എത്രയും വേഗം പൂർത്തിയാക്കാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ